"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ്- വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളുടെ മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.47/2025/SCSTD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. വയനാട് ജില്ലാ കളക്ടറുടെ 28/06/2024 ലെ DCWYD/3749/2024-H1 നമ്പർ കത്ത്.

2. സ.ഉ(സാധാ)നം.469/2024/SCSTD തീയതി 01/07/2024.

3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 06/02/2025 ലെ STDD/1936/2024-A2 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പട്ടികവർഗ്ഗവിഭാഗക്കാരുടെ വീടുകളുടെ ( ആകെ 750 വീടുകൾ ), മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്നതിനായി 6,77,50,000/- രൂപയുടെ പ്രൊപ്പോസൽ, സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച് , പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വയനാട് ജില്ലയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന അടിയ, പണിയ, കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളാണ് കൂടുതലും ചോർച്ചയുള്ള വീടുകളായി കണ്ടെത്തിയിട്ടുള്ളതെന്നും, ടി പ്രവർത്തി ഗുണഭോക്താക്കൾ നേരിട്ട് നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം ശരിയായ രീതിയിൽ ഫലം കണ്ടെത്തില്ലെന്നും, ആയതിനാൽ പ്രസ്തുത പ്രവർത്തി ജില്ലാ കളക്ടർ ചെയർപേഴ്സണും സബ് കളക്ടർ മെമ്പർ സെക്രട്ടറിയുമായ **വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന** Non PMC വ്യവസ്ഥയിൽ സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച തുകയിൽ നിലനിർത്തി കൊണ്ട് ചെയ്യുന്നതിനുള്ള പ്രത്യേക

അനുമതി ലഭ്യമാക്കണമെന്നും പരാമർശം (3) കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാരുടെ വീടുകളുടെ മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി, 2225-02-102-85- അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം-PV ശീർഷകത്തിൽ നിന്നും 6,77,50,000/- രൂപ (ആറ് കോടി എഴുപത്തിഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം ) ചെലവഴിച്ച്, **വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന** നടപ്പിലാക്കുന്നതിന് , ഒരു പ്രത്യേക കേസായി പരിഗണിച്ച്, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, വയനാട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3414)
5. ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (**E-3127147/WW-WW3/87/2025-Fin dated 27/09/2025**)
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
Date: 22-12-2025 13:07:01
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2025

ഫയൽ നം. ഇ1/136/2024/പജപവവിവ. ഇനം നം: 3414

വിഷയം : പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് - വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളുടെ മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കുന്നതിന് പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.

3414

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 1/136/2024/പജപവവിവ |
| 2 | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ് |
| 3 | വിഷയം | : | വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളുടെ മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കുന്നതിന് പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകുന്നത് സംബന്ധിച്ച് |
| | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04/11/2025 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി.ശ്രീജ.പി.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ഡോ.എ.കൗശിഗൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 27.11.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 08.12.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.ഒ.ആർ.കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 10.12.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11-12-2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിലെ പട്ടികവർഗ്ഗവിഭാഗക്കാരുടെ വീടുകളുടെ മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

1. പട്ടികവർഗ്ഗവിഭാഗക്കാരുടെ വീടുകളുടെ ചോർച്ച തടയുന്നതിനുള്ള ശാശ്വത പരിഹാരത്തിനായി ആദ്യ ഘട്ടം എന്ന നിലയിൽ വയനാട് ജില്ലയിലെ 3 താലൂക്കുകളിലേയും 750 പട്ടിക വർഗ്ഗ വീടുകൾക്കായി വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര തയ്യാറാക്കിയ 5,43,00,000/- രൂപയുടെ പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ITDP ഓഫീസിൽ നിന്നും സമർപ്പിച്ചിട്ടുള്ളതായും പ്രസ്തുത പ്രവൃത്തിക്ക് സർക്കാർ തലത്തിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും വയനാട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് ശുപാർശ സഹിതം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. എന്നാൽ 5% മാനേജ്മെന്റ് ചാർജ് ഇല്ലാതെ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ല എന്ന് നിർമ്മിതി കേന്ദ്രം അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയതും കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി 6,77,50,000/-

രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നതും, ആയതിന് 07/06/2024 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ളതും പദ്ധതി നടപ്പിലാക്കുന്നതിനായി 01/07/2024 തീയതിയിലെ സ.ഉ.(സാധാ) നം. 469/2024/പജപവവിവ പ്രകാരം അനുമതി നല്കിയിട്ടുള്ളതുമാണ്.

3. വയനാട് ജില്ലയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന അടിയ, പണിയ, കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളാണ് കൂടുതലും ചോർച്ചയുള്ള വീടുകളായി കണ്ടെത്തിയിട്ടുള്ളതെന്നും, ടി പ്രവർത്തി ഗുണഭോക്താക്കൾ നേരിട്ട് നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം ശരിയായ രീതിയിൽ ഫലം കണ്ടെത്തില്ലെന്നും, ആയതിനാൽ പ്രസ്തുത പ്രവർത്തി ജില്ലാ കളക്ടർ ചെയർപേഴ്സണും സബ് കളക്ടർ മെമ്പർ സെക്രട്ടറിയുമായ വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന Non PMC വ്യവസ്ഥയിൽ സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച തുകയിൽ നിലനിർത്തി കൊണ്ട് ചെയ്യുന്നതിനുള്ള പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും, ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നേരിട്ട് പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ മോണിറ്ററിംഗ് ജില്ലാ കളക്ടർ തലത്തിൽ ഫലപ്രദമായി ചെയ്യുവാൻ സാധിക്കുമെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

4. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"Finance" agrees with the proposal for entrusting the work of " Rectification of leakage in the roof of the houses of Scheduled Tribes in Wayanad District" for an amount of Rs. 6,77,50,000/- under the H/A -2225-02-102-85- Ambedkar Settlement Development Scheme - PV to District Nirmithi kendra, Wayanad as a Special case and administrative department is requested to place the proposal before the Council of ministers for approval."

5. വയനാട് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാരുടെ വീടുകളുടെ മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി, 2225-02-102-85- അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം-PV ശീർഷകത്തിൽ നിന്നും 6,77,50,000/- രൂപ ചെലവഴിച്ച് വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കുന്നതിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകുന്ന നിർദ്ദേശത്തോട് ധനകാര്യവകുപ്പ് യോജിക്കുന്നതായും, കൂടാതെ ഈ നിർദ്ദേശം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായും ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

6. ഫയൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വയനാട് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാരുടെ വീടുകളുടെ മേൽക്കൂരയിലെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി, 2225-02-102-85-അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം-PV ശീർഷകത്തിൽ നിന്നും 6,77,50,000/- രൂപ ചെലവഴിച്ച് വയനാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കുന്നതിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുമതി നല്കാവുന്നതാണോ?

3414

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | E1/136/2024/SCSTDD |
| 2. | Department | : | Scheduled Castes and Scheduled Tribes Development (E) Department |
| 3. | Subject | : | Entrusting Wayanad District Nirmithi Kendra to fix the leakages in the roofs of the houses of ST communities in Wayanad District by treating this as a special case -Reg |
| 4. | Date of Chief Minister's Order for placing before the Council. | : | 04/11/2025 |
| 5. | (i) Does the case involve financial Commitments/ implications<br><br>(ii) If the answer to be above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | :<br><br>:<br>: | Yes<br><br>Yes<br>Yes |
| 6. | Are any other Department concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Smt.Sreeja.P.S |
| 8. | Name of Secretary who approved the Draft Note | : | Dr.A.Kowsigan |
| 9. | Date of approval of the Draft Note for the Council by the Secretary. | : | 27.11.2025 |
| 10. | Name of Chief Secretary who approved the Draft Note. | : | Dr.A.Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 08.12.2025 |
| 12. | Name of Minister who approved the Draft Note. | : | Sri.O.R.Kelu |
| 13. | Date of approval of the Draft Note for the Council by the Minister | : | 10.12.2025 |
| 14. | Date of submission of fair copies | : | 11-12-2025 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision. | : | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the sanctioning of the work to fix the leakages in the roofs of the houses belonging to the Scheduled Tribe communities in Wayanad district, which is to be implemented through District Nirmithi Kendra, Wayanad.

1. A proposal amounting Rs. 5,43,00,000/- prepared by District Nirmithi Kendra, Wayanad for fixing the leakages in the roofs of the houses of 750 Scheduled Tribe houses across the three taluks of Wayanad district as first phase, was submitted to the Director of the Scheduled Tribe Development Department from the ITDP (Integrated Tribal Development Projects) office. The District Collector, Wayanad, had also requested Government to take necessary follow-up action to obtain requisite sanction for the said work. Based on this, the Director was instructed to examine the proposal and submit it with the recommendations for the approval of the State-Level Working Group.

2. However, following an intimation from Nirmithi Kendra that the work could not be undertaken without a 5% management charge, subsequently a revised proposal inclusive of management charges was provided by the District Collector for an amount of Rs. 6,77,50,000/-. This revised proposal was approved in the State-Level Working Group meeting held on 07/06/2024, and administrative sanction was accorded vide G.O. (Rt)No.469/2024/SCSTD dated 01/07/2024.

3. As per the report from Director, STDD that the houses identified having the leakages mainly belong to the most backward tribal groups in Wayanad district namely Adiya, Paniya, and Kattunaykka communities. It

was also stated that in order to attain the intended objectives of the above scheme, it would be better to carry out the work through the District Nirmithi Kendra. Therefore, a special sanction was requested by Director, STDD to execute the work through the Wayanad District Nirmithi Kendra (of which the District Collector is the Chairperson and the Sub Collector is the Member Secretary) under the Non-PMC condition, within the estimated amount approved by the State-Level Working Group. It was also conveyed that effective monitoring of the project could be carried out at the District Collector level if the project were implemented directly through the District Nirmithi Kendra.

4.The Finance Department has given its opinion on this matter as follows:

*"Finance" agrees with the proposal for entrusting the work of "Rectification of leakage in the roof of the houses of Scheduled Tribes in Wayanad District" for an amount of Rs. 6,77,50,000/- under the H/A -2225-02-102-85- Ambedkar Settlement Development Scheme - PV to District Nirmithi Kendra, Wayanad as a Special case and administrative department is requested to place the proposal before the Council of ministers for approval."*

5. Finance Department, has agreed to the proposal, to fix the leakages in the roofs of the houses of Scheduled Tribe communities in Wayanad district, for an amount of Rs. 6,77,50,000/- from the head of account 2225-02-102-85 - Ambedkar Settlement Development Scheme - PV through the Wayanad District Nirmithi Kendra as a special case and also suggested to place the proposal before Council of Ministers for approval.

6. When the file was circulated to the Hon'ble Chief Minister through the Hon'ble Minister for Scheduled Castes and Scheduled Tribes Development Department, it was ordered to place the proposal before the Council of Ministers.

**POINT FOR DECISION**

Whether sanction may be accorded to entrust Wayanad District Nirmithi Kendra to fix the leakages in the roofs of the houses of ST communities in Wayanad District by treating this as a special case, at an estimated cost of Rs. 6,77,50,000/- from the head of account 2225-02-102-85 - Ambedkar Settlement Development Scheme - PV ?